©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, വ്യാഴം
Thiruvananthapuram, Thursday

2025 ആഗസ്റ്റ് 14
14th August 2025
1200 കർക്കടകം 29
29th Karkadakam 1200
1947 ശ്രാവണം 23
23rd Sravana 1947

നമ്പർ No. 2962

കേരള സർക്കാർ

കേരളീയ പ്രവാസികാര്യ (എ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.3/2025/നോർക്ക

തിരുവനന്തപുരം, 2025 ആഗസ്റ്റ് 13
1200 കർക്കടകം 28

എസ്. ആർ. ഒ. നമ്പർ 904/2025

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009 ലെ 10-ാം ആക്ട്) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ.(കൈ)നം.12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

650/2019 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്കായി താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത് :-

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ പദ്ധതിക്ക് 2025-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.- 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ 9-ാം ഖണ്ഡികയിൽ,- (4)-ാം ഉപഖണ്ഡികയ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത് :-

"(4 എ) നിക്ഷേപകൻ/നിക്ഷേപക വിദേശ പൗരത്വം സ്വീകരിച്ച് കഴിഞ്ഞാൽ ഡിവിഡന്റ് വിഹിതത്തിന് അർഹതയുണ്ടായിരിക്കുകയില്ല:

എന്നാൽ നിക്ഷേപം നടത്തി മൂന്ന് വർഷത്തിനകം / ഡിവിഡന്റ് ലഭ്യമായി തുടങ്ങുന്നതിനു മുൻപ് വിദേശ പൗരത്വം സ്വീകരിച്ച നിക്ഷേപകർക്ക് അവരുടെ നിക്ഷേപത്തിനൊപ്പം വിദേശ പൗരത്വം സ്വീകരിച്ച തീയതി വരെ അതിനോട് കൂട്ടി ചേർക്കപ്പെട്ട ഡിവിഡന്റ് ഉൾപ്പെടെയുള്ള തുക തിരികെ ലഭിക്കുന്നതിനും ഡിവിഡന്റ് ലഭ്യമായി തുടങ്ങിയ ശേഷം വിദേശ പൗരത്വം സ്വീകരിച്ച നിക്ഷേപകർക്ക് അവരുടെ നിക്ഷേപവും ആദ്യ മൂന്ന് വർഷങ്ങളിൽ അതിനോട് കൂട്ടിചേർക്കപ്പെട്ട ഡിവിഡന്റ് ഉൾപ്പെടെയുള്ള തുക തിരികെ ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്."

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എസ്.ഹരികിഷോർ,

സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009 ലെ 10-ാം ആക്ട്) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ.(കൈ)നം.12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പരായി കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ, വിദേശ പൗരത്വം സ്വീകരിച്ച നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.14 01:25:13 +05:30